# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE : 21.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും.
   **Prime Minister Narendra Modi will arrive Thiruvananthapuram for a one-day visit the day after tomorrow.**
2. ഭീകരതയെ ചെറുക്കുന്നതിൽ രാജ്യങ്ങളുടെ കൂട്ടായ സഹകരണം അനിവാര്യമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.
   **External Affairs Minister S. Jaishankar said that collective cooperation among countries is essential to combat terrorism.**
3. എസ് ഐ ആറുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളിൽ 22 നിരീക്ഷകരെ കൂടി നിയോഗിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളത്തിൽ കരടു വോട്ടർ പട്ടിക സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു.
   **The Central Election Commission has appointed 22 additional observers across various states in connection with the SIR. In Kerala, procedures related to the draft voters' list are progressing.**
4. രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്രസഹമന്ത്രി രാംദാസ് അത്-വാലെ കേരളത്തിൽ. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.
   **Union Minister of State Ramdas Athawale arrived in Kerala for a two-day visit. He will participate in various programmes in Kannur and Kozhikode districts.**

5. ഇന്ത്യൻ വംശജയായ പ്രമുഖ ബഹിരാകാശ സ ഞ്ചാരി സുനിത വില്യംസ് നാസയിൽ നിന്നും വിരമിച്ചു.

**Prominent Indian-origin astronaut Sunita Williams has retired from NASA.**

6. 79-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് അസമിൽ കിക്കോഫ്. കേരളത്തിൻറെ ആദ്യ മത്സരം നാളെ.

**The 79th Santosh Trophy football championship kicks off today in Assam. Kerala's first match will be held tomorrow.**

&&&&&&&&&&&&&&&&&&

## PM - KERALA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരു ദിവസത്തെ സന്ദർശനത്തിനായി വെള്ളിയാഴ്ച തിരുവനന്തപുരത്ത് എത്തും. രാവിലെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹത്തിന് റോഡ് ഷോ അടക്കം വൻ സ്വീകരണമാണ് ഒരുക്കുന്നതെന്ന് ബി ജെ പി സംസ്ഥാന നേതൃത്വം അറിയിച്ചു. പുത്തരിക്കണ്ടം മൈതാനത്ത് വിവിധ സർക്കാർ പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കുന്ന പ്രധാനമന്ത്രി, കേരളത്തിന് അനുവദിച്ച പുതിയ 4 ട്രെയിനുകളുടെ ഉദ്ഘാടനവും നിർവഹിക്കും. വികസിത തിരുവന്തപുരത്തിൻറെ ബ്ലൂപ്രിന്റ് മേയർ വി.വി.രാജേഷിന് പ്രധാനമന്ത്രി നരേന്ദ്രമോദി കൈമാറും. 2030 വരെയുള്ള തിരുവനന്തപുരത്തിന്റെ വികസനത്തിന്റെ ബ്ലൂപ്രിന്റാണ് അവതരിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## NIYAMA SABHA

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന്റെ രണ്ടാം ദിവസം കാനത്തിൽ ജമീലയ്ക്ക് ചരമോപചാരം അർപ്പിച്ച് സഭ. പുരോഗമന പ്രസ്ഥാനത്തിന് നികത്താനാകാത്ത നഷ്ടമാണ് കാനത്തിൽ ജമീലയുടെ വിയോഗമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സഭയിൽ എല്ലായ്പ്പോഴും ജനാധിപത്യ ബോധവും മതേതര നിലപാടും പ്രകടിപ്പിച്ച

വ്യക്തിയായിരുന്നു കാനത്തിൽ ജമീലയെന്ന് പ്രതിപക്ഷ നേതാവിനെ പ്രതിനിധീകരിച്ച് കെ.ബാബു അനുസ്മരിച്ചു. അനുശോചനം രേഖപ്പെടുത്തിയ ശേഷം സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് മേലുള്ള നന്ദിപ്രമേയത്തിൽ നാളെ സഭയിൽ ചർച്ച ആരംഭിക്കും.

&&&&&&&&&&&&&&&&&&

## SPANISH FM – JAISHANKAR (INTRO)

ഭീകരതയെ ചെറുക്കുന്നതിൽ രാജ്യങ്ങളുടെ കൂട്ടായ സഹകരണം അനിവാര്യമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. സ്പാനിഷ് വിദേശകാര്യ മന്ത്രി ജോസ് മാനുവൽ അൽബാരസുമായി ന്യൂഡൽഹിയിൽ നടത്തിയ ചർച്ചയിലാണ് ഈ പരാമർശം. സംസ്കാരം, ടൂറിസം, AI എന്നിവയുടെ ദ്വിവത്സരമായി 2026-നെ ഇന്ത്യയും സ്പെയിനും പ്രഖ്യാപിച്ചിട്ടുണ്ട്. ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തെ ഇത് കൂടുതൽ പ്രോത്സാഹിപ്പിക്കുമെന്നും ശ്രീ.ജയ്ശങ്കർ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

**(VOICE)**

&&&&&&&&&&&&&&&&&&

## SIR

എസ് ഐ ആറുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങളിൽ 22 നിരീക്ഷകരെ കൂടി നിയോഗിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. പുതുതായി നിയോഗിക്കപ്പെട്ട നിരീക്ഷകരിൽ പതിനൊന്ന് പേർ പശ്ചിമ ബംഗാളിലാണ്. ഇതോടെ സംസ്ഥാനത്തെ ആകെ നിരീക്ഷകരുടെ എണ്ണം 20 ആയി. യോഗ്യരായ ഒരു വോട്ടറെയും ഒഴിവാക്കിയിട്ടില്ലെന്നും അനർഹരുടെ പേരുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെന്നും നിരീക്ഷകർ ഉറപ്പാക്കും.

&&&&&&&&&&&&&&&&&&

## VOTERS LIST

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. കരടു വോട്ടർ പട്ടികയിലുള്ള പേരുകൾ നീക്കം ചെയ്യാനായി ഏറ്റവും ഒടുവിൽ ലഭിച്ച കണക്കുകൾ പ്രകാരം 5,528 അപേക്ഷകൾ ലഭിച്ചു. പട്ടികയിലില്ലാത്ത അഞ്ചു ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റി പത്തു പേരാണ് പേര് ചേർക്കാനായി അപേക്ഷിച്ചിട്ടുള്ളത്. പട്ടികയിൻ മേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&

## BJP – KERALA ELECTION

കേരളത്തിൽ നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബി ജെ പിയുടെ പ്രവർത്തനങ്ങളുടെ ചുമതല വിനോദ് താവ്ഡെയ്ക്ക് നൽകി പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ. ശോഭാ കരന്തലാജെയാണ് തിരഞ്ഞെടുപ്പിന്റെ സഹ ചുമതല വഹിക്കുന്നത്.

&&&&&&&&&&&&&&&&&&

## ECI–THREE DAY CONFERENCE

ജനാധിപത്യത്തെയും തിരഞ്ഞെടുപ്പ് രീതികളെയും കുറിച്ചുള്ള ഇന്ത്യ ഇന്റർനാഷണൽ കോൺഫറൻസ് 2026–ന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ആതിഥേയത്വം വഹിക്കുന്ന മൂന്ന് ദിവസത്തെ ഉച്ചകോടി, ഇത്തരത്തിൽ രാജ്യത്ത് നടക്കുന്ന ഏറ്റവും വലിയ ആഗോള സമ്മേളനമാണ്. എഴുപതിലധികം രാജ്യങ്ങളിൽ നിന്നായി നൂറോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## STATEHOOD – PREZ, PM

മേഘാലയ, മണിപ്പൂർ, ത്രിപുര സംസ്ഥാനങ്ങളുടെ രൂപീകരണദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി

നരേന്ദ്രമോദി എന്നിവർ ജനങ്ങൾക്ക് ആശംസകൾ നേർന്നു. സമ്പന്നമായ സാംസ്കാരിക പൈതൃകം, പാരമ്പര്യം, അസാധാരണമായ പ്രകൃതി സൗന്ദര്യം എന്നിവയാൽ അനുഗ്രഹീതമാണ് ഈ സംസ്ഥാനങ്ങളെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. സംസ്ഥാനങ്ങളുടെ സാംസ്കാരിക ഊർജസ്വലതയും പ്രകൃതി സൗന്ദര്യവും രാജ്യമെമ്പാടും വ്യാപകമായി പ്രശംസിക്കപ്പെടുന്നുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## POSTAL – ATM

രാജ്യത്ത് 887 എ ടി എമ്മുകൾ സജ്ജമാക്കി തപാൽ വകുപ്പ്. പണം പിൻവലിക്കൽ, അക്കൗണ്ട് ബാലൻസ് പരിശോധന ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന ഇടപാടുകൾക്ക് ഈ എ ടി എമ്മുകൾ ഉപയോഗപ്പെടുത്താവുന്നതാണെന്ന് കേന്ദ്ര കമ്മ്യൂണിക്കേഷൻസ് മന്ത്രാലയം അറിയിച്ചു. ഗ്രാമീണ മേഖലയിലെ ഗുണഭോക്താക്കൾക്കും ഈ സൗകര്യം ഏറെ പ്രയോജനപ്പെടും.

&&&&&&&&&&&&&&&&&&

## RAMDAS ATHAWALE

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ സഹമന്ത്രി രാംദാസ് അത്-വാലെ രണ്ടുദിവസത്തെ സന്ദർശനത്തിന് കേരളത്തിൽ എത്തി. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ എത്തിയ അദ്ദേഹം കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. കണ്ണൂർ ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ കേന്ദ്ര സഹമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി. പ്രാദേശിക നേതാക്കളുമായുള്ള മുഖാമുഖം പരിപാടിയിൽ പങ്കെടുക്കുന്ന ശ്രീ രാംദാസ് അത് വാലെ വൈകിട്ട് ഡോക്ടർ രാജീവ് മേനോൻ ട്രോഫിക്കായുള്ള ദേശീയ വോളിബോൾ ടൂർണമെൻറ് ഉദ്ഘാടനം ചെയ്യും. നാളെ രാവിലെ അദ്ദേഹം കോഴിക്കോട്ടേക്ക് പോകും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

## REPUBLIC DAY

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ വിവിധ സേനാവിഭാഗങ്ങൾ അണിനിരക്കുന്ന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. പരേഡിന് സാക്ഷ്യം വഹിക്കാൻ പതിനായിരത്തോളം പ്രത്യേക അതിഥികളെ ക്ഷണിച്ചതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നിശ്ചലദൃശ്യങ്ങളും പരേഡിന് മാറ്റേകും. ദേശീയഗീതമായ "വന്ദേമാതര" ത്തിൻറെ 150-ാം വാർഷികമാണ് ഈ വർഷത്തെ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ പ്രമേയം.

&&&&&&&&&&&&&&&&&

## PRAGATI-ARUNACHAL PRADESH (INTRO)

രാജ്യത്ത് സമയബന്ധിതമായ പദ്ധതിനിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. ഈ സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ് അരുണാചൽ പ്രദേശിലെ പദ്ധതി അവലോകന സംവിധാനം.

**ഒരു റിപ്പോർട്ട്.....** (വോയ്സ്)

&&&&&&&&&&&&&&&&&

## PRAGATI-ARUNACHAL PRADESH (VOICE)

ദേശീയ അടിസ്ഥാന സൗകര്യ പദ്ധതികളുടെ വ്യാപ്തിയിലും വൈവിധ്യത്തിലും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് അരുണാചൽ പ്രദേശ്. 5 ലക്ഷത്തി 9,395 കോടി രൂപയുടെ സഞ്ചിത നിക്ഷേപം ഉൾപ്പെടുന്ന 81 പദ്ധതികൾ പ്രഗതിയുടെ കീഴിൽ പിഎംജി പോർട്ടലിൽ നിരീക്ഷിച്ചു വരികയാണ്. റെയിൽവേ, റോഡുകൾ, ഹൈവേകൾ, വൈദ്യുതി ഉൽപാദനം - വിതരണം, വ്യോമയാനം തുടങ്ങിയ മേഖലകളിൽ ഈ

പദ്ധതികൾ വ്യാപിച്ചുകിടക്കുന്നു. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ, വനം- പരിസ്ഥിതി അനുമതികൾ, ജില്ലാതല ഏകോപനം എന്നിവ പ്രാപ്തമാക്കുന്നതിൽ സംസ്ഥാന സർക്കാർ നിർണായകമായ പങ്കു വഹിക്കുന്നുണ്ട്.

**ന്യൂസ് ഡെസ്ക് ആകാശവാണി...**

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

## NASA - SUNITA WILLIAMS RETIRED

ഇന്ത്യൻ വംശജയായ പ്രമുഖ ബഹിരാകാശ സഞ്ചാരി സുനിത വില്യംസ് നാസ ബഹിരാകാശ ഏജൻസിയിൽ നിന്നും വിരമിച്ചു. 27 വർഷത്തെ വിശിഷ്ട സേവനത്തിന് ശേഷമാണ് വിരമിക്കൽ. വിരമിക്കൽ കഴിഞ്ഞ മാസം 27 ന് പ്രാബല്യത്തിൽ വന്നതായി നാസ ഔദ്യോഗികമായി അറിയിച്ചു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള മൂന്ന് ദൗത്യങ്ങളിലായി 608 ദിവസങ്ങൾ സുനിത വില്യംസ് ബഹിരാകാശത്ത് ചിലവഴിച്ചിട്ടുണ്ട്. ബഹിരാകാശത്ത് മാരത്തൺ ഓടിയ ആദ്യ വ്യക്തി എന്ന നേട്ടവും സുനിത വില്യംസിന് സ്വന്തം.

&&&&&&&&&&&&&&&&&&

## FOOTBALL - SANTHOSH TROPHY

79-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് അസമിൽ തുടക്കം. 12 ടീമുകളെ ആറ് ടീമുകൾ വീതമുള്ള രണ്ട് ഗ്രൂപ്പുകളായാണ് തിരിച്ചിരിക്കുന്നത്. നാളെ പഞ്ചാബിനെതിരായാണ് കേരളത്തിന്റെ ആദ്യ മത്സരം. ഫെബ്രുവരി 8-നാണ് ഫൈനൽ മത്സരം.

&&&&&&&&&&&&&&&&&&

## CRICKET - IND VS NZ T20

ക്രിക്കറ്റിൽ ഇന്ത്യാ-ന്യൂസിലൻഡ് ടി-20 പരമ്പരയ്ക്ക് ഇന്ന് തുടക്കം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരം വൈകുന്നേരം 7 മണിക്ക് നാഗ്പൂരിൽ നടക്കും. അടുത്ത മാസമാണ് ഐ.സി.സി പുരുഷ ടി-20 ലോകകപ്പ് നടക്കുക.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&